വിധേയമായി ഓരോ വർഷവും ചില കടവുകൾ ഒഴിവാക്കുന്നതാണെന്നും അതു മുൻകൂട്ടി തീരുമാനിച്ച് ഐഡന്റിഫൈ ചെയ്ത് അത് കോടതിയെ ബോദ്ധ്യപ്പെടുത്തണമെന്നും ഗവൺമെന്റ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആ റിട്ട് അപ്പീൽ അംഗീകരിപ്പിച്ചുകൊണ്ട് ഗവൺമെന്റ് സ്റ്റേ സമ്പാദിച്ചു. ഹോളിഡേ പ്രഖ്യാപിക്കണമെന്നതിന് ഒരു സ്റ്റേ കിട്ടിയതിനെത്തുടർന്നാണ് വീണ്ടും മണൽ ഇപ്പോൾ എടുക്കുന്നത്. എന്നാൽ ഇപ്പോൾ വീണ്ടും നദി സംരക്ഷണ സമിതിയും പരിസ്ഥിതി വാദികളും പൂർണ്ണമായും മണലെടുക്കുന്നത് നിരോധിക്കണമെന്ന ആവശ്യങ്ങളുമായി രംഗത്ത് വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പല ജില്ലകളിലും പല രീതികളിലാണ് ഈ പ്രശ്നങ്ങളെ നോക്കിക്കാണാൻ സാധിക്കുന്നത്. അങ്ങനെയൊരു സങ്കീർണ്ണമായ സ്ഥിതി നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. ഈ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി പലരും ജനങ്ങളെ ചൂഷണം ചെയ്യാൻ ശ്രമിക്കുകയാണ്. ഈ അവസ്ഥയിൽ ഈ കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് മാത്രമേ ഇതിനൊരു പരിഹാരം കാണാൻ കഴിയൂ. നദി സംരക്ഷിക്കേണ്ടത് ആ സ്റ്റേറ്റിന്റെ ഒരാവശ്യമാണ്. നദിയുടെ സംരക്ഷണം ഉറപ്പുവരുത്തണം. പരിസ്ഥിതിവാദികളുടെ ആശങ്കകൾക്കും പരിഹാരമുണ്ടാക്കുന്ന രീതിയിലേ ആ പ്രശ്നങ്ങളെ സമീപിക്കാൻ കഴിയൂ. എന്നാൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ജീവിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. അവരും വളരെ ആശങ്കാകുലരാണ്. അപ്പോൾ അവർക്കും ഈ നിബന്ധനകൾക്ക് വിധേയമായി മണലെടുക്കാൻ അവസരമുണ്ടാകും എന്ന ഒരു ഉറപ്പും വരുത്തേണ്ടതുണ്ട്. അതുകൊണ്ട് എല്ലാ ഘടകങ്ങളുംകൂടി പരിശോധിച്ച് എല്ലാവരുമായി ചർച്ചചെയ്ത് ഈ പ്രശ്നങ്ങളിൽ ന്യായമായ ഒരു പരിഹാരമുണ്ടാക്കണമെന്നാണ് ഞങ്ങളാഗ്രഹിക്കുന്നത്. ഇപ്പോൾ ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, ഗവൺമെന്റിന്റെ നിബന്ധനകൾ നടപ്പിലാക്കിക്കൊണ്ട്, പരിസ്ഥിതിവാദികളുടെയും നദിസംരക്ഷണ സമിതിക്കാരുടെയും താല്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ചുമട്ടുതൊഴിലാളികൾക്കും മണൽത്തൊഴിലാളികൾക്കും തൊഴിൽ കിട്ടുമെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കണമെന്നാണ് എം.എൽ.എ.മാർ, ജനപ്രതിനിധികൾ, ട്രേഡ് യൂണിയൻ സംഘടനകൾ എല്ലാം കഴിഞ്ഞ കാലങ്ങളിൽ ആവശ്യപ്പെട്ടിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ വരുന്ന 29-ാം തീയതി നമ്മുടെ സംസ്ഥാനത്തെ ഈ മേഖലയിലെ പ്രധാനപ്പെട്ട തൊഴിലാളി സംഘടനകളുടെ പ്രതിനിധികളും ട്രേഡ് യൂണിയൻ നേതാക്കൻമാരുമായി ഒരു ചർച്ച തീരുമാനിച്ചിട്ടുണ്ട്. ആ ചർച്ചയിൽ ഉരുത്തിരിഞ്ഞുവരുന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ അന്നുതന്നെ ഉച്ചയ്ക്കുശേഷം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥൻമാരും ട്രേഡ് യൂണിയനുകളുടെ പ്രധാനപ്പെട്ട പ്രതിനിധികളും ചേർന്നിരുന്ന് ചർച്ചചെയ്ത് രമ്യമായ ഒരു പരിഹാരമുണ്ടാക്കി ഈ പ്രശ്നം പരിഹരിക്കണമെന്നാണ് ഗവൺമെന്റാഗ്രഹിക്കുന്നത്. അതിനാവശ്യമായ നടപടിയെടുക്കും.

(11) ട്രാവൻകൂർ റയോൺസിലെ സാമ്പത്തിക പ്രതിസന്ധി

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, പെരുമ്പാവൂരിൽ പ്രവർത്തിക്കുന്ന ഏതാണ്ട് രണ്ടായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ട്രാവൻകൂർ റയോൺസ് ഫാക്ടറി ഓരോ ദിവസം ചെല്ലുന്തോറും ആ സാമ്പത്തിക പ്രതിസന്ധി കാരണം തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. മാറിമാറി വന്ന സർക്കാരുകളൊക്കെത്തന്നെ ഈ കമ്പനിയുടെ പ്രവർത്തനം നിലയ്ക്കാതിരിക്കാനും കമ്പനി നന്നായി പ്രവർത്തിക്കാനുംവേണ്ടി ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ പുനരുദ്ധാരണ നടപടികൾ ഇതേവരെ പൂർണ്ണമായി വിജയിച്ചിട്ടില്ല. ഇപ്പോഴത്തെ ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രിയും ഈ കാര്യത്തിൽ ധാരാളം ആത്മാർത്ഥത കാണിക്കുന്നുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള കാര്യം തുറന്നു സമ്മതിക്കാൻ ഞാൻ തയ്യാറാണ്. പക്ഷെ കാര്യങ്ങൾ പൂർണ്ണമായി വിജയിച്ചിട്ടില്ല. ബഹു. മുഖ്യമന്ത്രി തന്നെ ഏതാനും ദിവസങ്ങൾക്കുമുമ്പ് ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഉന്നത ഉദ്യോഗസ്ഥൻമാരെചേർത്ത് ഒരു ഉന്നതതല കോൺഫറൻസ് വിളിക്കുകയുണ്ടായി. ഈ കോൺഫറൻസിലെ തീരുമാനപ്രകാരം ഒരു ഹൈ ലെവൽ കമ്മിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. ആ കമ്മിറ്റി അടുത്ത കാലത്ത് ഞാൻ മനസ്സിലാക്കിയിടത്തോളം ഈ കമ്പനിയുടെ പ്രവർത്തനം പൂർണ്ണതയിൽ എത്തിക്കാൻവേണ്ടി 23 കോടി രൂപ വേണ്ടിവരുമെന്നുള്ള റിപ്പോർട്ട് ഗവൺമെന്റിലേക്ക് കൊടുത്തിരിക്കുകയാണ്. ഈ രൂപ ഒന്നുകിൽ കെ.എസ്.ഐ.ഡി.സി. യിൽ നിന്നു കൊടുക്കണം. അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികളിൽനിന്നു ലഭ്യമാക്കണം. അല്ലെങ്കിൽ ഏതെങ്കിലും പ്രമോട്ടറെ കണ്ടുപിടിക്കേണ്ടിവരും. അല്ലെങ്കിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഏതെങ്കിലും പൊതുമേഖലാ സ്ഥാപനവുമായി ഈ കമ്പനിയെ ബന്ധപ്പെടുത്തേണ്ടിവരും. അതിൽ ഏതെങ്കിലുമൊരു നടപടി സ്വീകരിച്ചുകൊണ്ട് വളരെ അടിയന്തിരമായി ഈ രൂപ ലഭ്യമാക്കിയില്ലെങ്കിൽ രണ്ടായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ആ പ്രദേശത്തിന്റെ മൊത്തത്തിൽ പുരോഗതിക്ക് അടിസ്ഥാനമായി നിലനിൽക്കുന്ന ഈ ഫാക്ടറി പൂട്ടേണ്ട ഒരു സ്ഥിതിവിശേഷത്തിലേക്ക് നീങ്ങും. അതുകൊണ്ട് ബഹു. മന്ത്രി അടിയന്തിരമായി ഈ കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് ഞാനാവശ്യപ്പെടുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ട്രാവൻകൂർ റയോൺസിന്റെ പ്രശ്നം വളരെ ഗൗരവമായി തന്നെയാണ് ഈ ഗവൺമെന്റ് കൈകാര്യം ചെയ്തിട്ടുള്ളത്. ഒരുപക്ഷെ നിയമങ്ങൾക്ക് വിധേയമായി എന്ന് പറയാൻ പറ്റില്ല. പൊതുമേഖലാസ്ഥാപനങ്ങൾക്കുള്ള ഫണ്ടിൽനിന്നും രണ്ടേമുക്കാൽ കോടി രൂപ ആദ്യംതന്നെ കൊടുത്ത് അതിന്റെ പ്രവർത്തനങ്ങളെ സഹായിക്കാൻവേണ്ടിയുള്ള കാര്യങ്ങൾ ചെയ്തു. വലിയൊരു സാമ്പത്തിക ബാദ്ധ്യത ഈ കമ്പനിക്ക് ഉള്ളതുകൊണ്ട് അത് മുന്നോട്ടു കൊണ്ടുപോകാൻ വളരെയധികം പ്രയാസപ്പെടുകയാണ്. എങ്കിലും മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ വച്ച് കെ.എസ്.ഐ.ഡി.സി.യെ ഈ ചുമതല ഏൽപ്പെടുത്തിയതിനുശേഷം രണ്ടുകോടി രൂപ വീണ്ടും കൊടുത്തു. അതിനുശേഷം ഇപ്പോൾ കെ.എസ്.ഐ.ഡി.സി. ജെ.ആർ. രാസയ്യയെ കൺസൾട്ടന്റായി നിയമിച്ചു. കൺസൾട്ടന്റിന്റെ പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷമേ അതിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് വേണ്ട നടപടി കൈക്കൊള്ളാൻ കഴിയൂ. കെ.എസ്.ഐ.ഡി.സി. ക്കാണെങ്കിലും പണം വേഗമെടുത്ത്, രണ്ടുകോടി രൂപ അത്യാവശ്യകാര്യങ്ങൾക്ക് കൊടുത്തു. ബാക്കിയുള്ളത് ഇനി അവരുടെ റിപ്പോർട്ട് വന്ന് ഒരു പാക്കേജ്പോലെ ഉണ്ടാക്കിയിട്ട് അതിനാവശ്യമായിട്ടുള്ള പണം ബാദ്ധ്യത തീർക്കുന്നതിന് ഒരു പക്ഷെ ഗഡുക്കളായിത്തന്നെ നമുക്ക് കൊടുക്കാൻ കഴിയും. അതിനൊരു വ്യവസ്ഥ വച്ചിട്ട് തൽക്കാലം കൊടുക്കാവുന്ന പണം കൊടുത്ത് അതിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വീണ്ടും വീണ്ടും കെ.എസ്.ഐ.ഡി.സി.യുമായിട്ടും മറ്റും നിരന്തരമായി ബന്ധപ്പെടുന്നുണ്ട്. രാസയ്യയുടെ റിപ്പോർട്ടു വന്നുകഴിഞ്ഞാൽ ആവശ്യമായ നടപടി കൈക്കൊള്ളാനും അതിനെ രക്ഷിക്കാനും കഴിയും.

LIBRARY ARCHIVES Kerala Legislative Assembly